# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെ.എസ്.എ.ടി.എസ്.ആർ(പി1)996/22dt.03.07.22 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷ്ണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി1)996/22dt.03.07.22 /22 നം തീയ്യതി: 03/07/2022

# തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ . ഷാജി കെ | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| ശ്രീ.സതീശൻ . എൻ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-05-2022 | 03-06-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിത ടി.എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സീനത്ത് പി.എ ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. വിദ്യ ഒ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രേഖ ഇ.സി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.എ. മനോജ്ജുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി.ലളിതബാലൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ശ്രീചിത്ത് . സി | സെക്രട്ടറി | 01-04-2020 | 28-02-2021 |
| ശ്രീ. അജയ് എ.ജെ | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനിൽകുമാർ.എം.വി. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വിജയൻ.പി.എസ്. | അസി.എൻജിനീയർ | 01-04-2020 | 31-03-2021 |
| ജി.മുരളീധര മേനോൻ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. രാജീവ് | സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | 01-04-2020 | 31-03-2021 |
| ഷംസാദ് എം. | ശിശു വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സുകന്യ.എൻ.എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സെറിൻ. പി.ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 08-06-2020 |
| അമ്പിളി.എൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-06-2020 | 31-03-2021 |
| തേജോ കെ.കൈമൾ | വ്യവസായവികസന ഓഫീസർ | 01-04-2020 | 20-11-2020 |
| മിനി.ഇ | വ്യവസായവികസന ഓഫീസർ [ഇൻ ചാർജ് ] | 21-11-2020 | 06-03-2021 |
| നവ്യ രാമചന്ദ്രൻ | വ്യവസായവികസന ഓഫീസർ | 07-03-2021 | 31-03-2021 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | കാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-8-1 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-2 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-3 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-8-4 |
| 12 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-8-5 |
| 13 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-8-6 |
| 14 | Capital Work In Progress-വർക്ക് ഷീറ്റും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല. | 1-8-7 |
| 15 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 16 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-8-8 |
| 17 | Prior Period Item" - വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. | 1-8-9 |

| | | |
|---|---|---|
| 18 | ബാങ്ക് റീകൺസീലിയേഷൻ പത്രിക - നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-8-10 |
| 19 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-8-11 |
| 20 | രസീതി പരിശോധനയിൽ കണ്ട അപാകതകൾ | 1-9 |
| 21 | മാനവൽ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10 |
| 22 | വരവ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. | 1-11 |
| 23 | കുട്ടികൾക്ക് ചാലകശേഷി നിർണയ പദ്ധതിയും ഗെയിംസ് പരിശീലനവും-രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 12000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-12 |
| 24 | കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-13 |
| 25 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 26 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ | 1-15 |
| 27 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല | 1-16 |
| 28 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 29 | കാട്ടൂർ സി.എച്ച്.സി. യിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങള് വാങ്ങൽ-കെൽട്രോണിന് തുക അധികം നല്കി | 1-18 |
| 30 | ആനന്ദപുരം സി.എച്ച്.സി. യിലേക്ക് ഇലട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിന് തുക അധികം നല്കി | 1-19 |
| 31 | എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ (ഇ.എഫ്.സി ) -കമ്പ്യൂടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല. | 1-20 |

| | | |
|---|---|---|
| 32 | വിശപ്പ് രഹിത കേരളം -തിരിച്ചടവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-21 |
| 33 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സംരംഭങ്ങൾക്ക് സബ്സിഡി -തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്. | 1-22 |
| 34 | കെ എൽ ഡി സി കനാലിന്റെ ഉൾബണ്ടിൽ തെങ്ങിൻ തൈകൾ നടീൽ പ്രൊജക്റ്റ് - തുടർ പരിപാലനം ഉറപ്പുവരുത്തേണ്ടതാണ്. | 1-23 |
| 35 | കുടിവെള്ളപദ്ധതികൾ-മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്;രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 511509 രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതിക്ക് 4% പ്രതിഫലം നൽകിയതിലെ അപാകത - അധികം നൽകിയത് 3706 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 37 | പ്രൊജക്റ്റ് നം :10/21 കാട്ടൂർ സിഎച്ച്സിയിൽ ഓഫീസ് വരാന്ത, കോറിഡോർ, വനിതാ വാർഡ് എന്നിവിടങ്ങളിൽ ടൈൽ വിരിക്കൽ- ചെലവു തുക 262429 രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | ഇരിങ്ങാലക്കുട ബ്ലോക്ക് ഓഫീസിൽ വാട്ടർ ബാങ്ക് സ്ഥാപിക്കൽ - അപാകതകൾ ; ചെലവു തുക 495000 രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | ഫയലുകൾ ചെലവു രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെ ചെലവു തുക 146722 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. | 1-28 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതിക്ക് 4% പ്രതിഫലം നൽകിയതിലെ അപാകത - അധികം നൽകിയത് 3706 രൂപ തിരികെ | 3-1 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്. | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2020, തീരുമാനം നം.1(1) | |
|---|---|---|
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 150444075 | 14987495 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19.02.201, തീരുമാനം നം. 3(2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 128858590 | 127015283 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 12-7-21 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9728919 |
| വരവ് | 45468460 |
| ആകെ | 55197379 |

| | |
|---|---|
| ചെലവ് | 47762642 |
| നീക്കിയിരിപ്പ് | 7434737 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 16461429 | 16461429 | 15023629 | 1437800 |
| വികസന ഫണ്ട് – എസ് സി പി | 0 | 14670650 | 14670650 | 13966224 | 704326 |
| മെയിന്റനൻസ്-റോഡിതരം | 0 | 2873637 | 2873637 | 2634573 | 239064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6180000 | 6180000 | 3269420 | 2910580 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 96 | 59090815 | 69 | 37055403 | 8 | 19 | 71.87 |

## 1-6 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01 .06.2022 തീയതിയിൽ 2:56 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1.ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.
3.എല്ലാ ചെലവുവൗച്ചറുകളും ക്രമപ്രകാരം സൂക്ഷിക്കേണ്ടതും കാഷ് ബുക്ക് [ബാങ്ക് ബുക്ക്] , ജേണൽ ബുക്ക് എന്നിവയിൽ നിന്നും വാർഷിക കണക്കിലേക്ക് എത്തുന്ന അക്കൗണ്ട് ശീർഷകങ്ങൾ തിരിച്ചറിയുന്ന രീതിയിൽ ഓരോ വൗച്ചറിനൊപ്പവും ബുക്ക് ചെയ്യുന്ന ശീർഷകങ്ങൾ വ്യക്തമാകുന്നതിന് പേമെന്റ് വൗച്ചർ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-8-1 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-8-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2294182.00) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (941082.00) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-8-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതും തിരികെ നൽകുന്നതും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-8-5 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് നൽകുന്നതും ക്രമീകരിക്കുന്നതും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-8-6 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ (ഷോപ്പിംഗ് കോംപ്ലക്സ്)
2. വാടക രജിസ്റ്റർ (ഓഡിറ്റോറിയം)
3. ലേല രജിസ്റ്റർ

2. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ടി തുകകളുടെ

ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 22710 | 7150 | 15560 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 37793 | 2343 | 35450 |

3. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|
| Sale Of Scrap | 3800 | 3800 |
| Sale Of Tender Forms | 166500 | 166500 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (ഹാൾ, ഓഡിറ്റോറിയം) | 61500 | 61500 |
| Sale Of Other Store & Scrap | 3242 | 3242 |

## 1-8-7 Capital Work In Progress-വർക്ക് ഷീറ്റും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല.

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(A)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന (മുന്നിരിപ്പ്) തുക 3990327/- രൂപയാണ്. 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(A)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും ചേർത്തിട്ടില്ല. ടി ശീർഷകത്തിൽ നിന്നും ആസ്തി ശീർഷകത്തിലേക്ക് മാറ്റിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയെങ്കിലും ആയത് 412010101- Capital Work In Progress ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8-8 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8-9 Prior Period Item” - വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800701- Prior Period Miscallaneous Expenses | (658948) |

## 1-8-10 ബാങ്ക് റീകൺസീലിയേഷൻ പത്രിക - നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്ര.ന | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 1. | Special TSB (Joint Venture) | 799011400002780 | 21,91,494/- | 10,00,000/- |

ബാങ്ക് റീകൺസീലിയേഷൻ പത്രിക കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-8-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ

ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷന് കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320200307 | Grants & Funds For Specific Purposese Other Than Dev. Fund & State Sponsore | 515 |
| 2 | 320300199 | Centrally Sponsered Scheme – Grants, Funds & Contributions For Specific Purposes – Other Govt.Agencies | 579281 |
| 3 | 320100115 | Centrally Sponsered Scheme – TSC | 2730659 |
| 4 | 320100199 | Centrally Sponsered Scheme – Grants, Funds & Contributions For Specific Purposes – Central Govt | 16178 |
| 5 | 320200309 | Literacy Scheme Grant | 18016 |
| 6 | 320200323 | Grant For Keralolsavam | 120000 |
| 7 | 320800101 | Beneficiary Contribution | 3000 |

## 1-9 രസീതി പരിശോധനയിൽ കണ്ട അപാകതകൾ

I) 2.2.21 ലെ ഡേ ബുക്ക് പ്രകാരം 120030100101 എന്ന സാംഖ്യ നമ്പറിൽ റോയ് എ.കെ. എന്നവരുടെ 1350( തുക ഫ്രന്റ് ഓഫീസ് മുഖേന കളക്ഷൻ വരവ് വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ടി കളക്ഷന്റെ സാംഖ്യ രസീതി പ്രിന്റ് ലഭ്യമല്ല. ക്രമപ്രകാരം ഉപയോഗപ്പെടുത്തേണ്ട സ്റ്റേഷനറി നമ്പറായ സി-4067485 എന്ന സ്റ്റേഷനറി നമ്പറിൽ ബ്ലാങ്ക് പ്രിന്റ് ആണ് വന്നിരിക്കുന്നത്(ടി രസീത് ക്യാൻസൽ ചെയ്ത സാക്ഷ്യപ്പെടുത്തിയിട്ടില്ല). ശേഷം വന്ന സി-4067486 പ്രിന്റർ ഫാൾട് വന്നിരിക്കുന്നു(ട

രസീത് ക്യാൻസൽ ചെയ്ത സാക്ഷ്യപ്പെടുത്തിയിട്ടില്ല). അതിനു ശേഷമുള്ള സി-4067487 എന്ന നമ്പറിൽ 120030100102 ആണ് പ്രിന്റ് വന്നിരിക്കുന്നത്. അതായത് 120030100101 എന്ന സാംഖ്യ നമ്പറിൽ സാഖ്യ നമ്പർ പ്രിന്റ് വന്നിട്ടില്ല. ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ 120030100101 എന്ന സാംഖ്യ നമ്പറിൽ സ്റ്റേഷനറി നമ്പറായ സി-4067485 പ്രിൻറർ ഫാൾട്ട് മൂലം ക്യാൻസൽ ചെയ്തതായി കാണുന്നു. എന്നാൽ ഇതേ തുകക്ക് (13500) മാനവൽ രശീതി ഉപയോഗപ്പെടുത്തിയതായും കാണുന്നു.പ്രിന്റർ തകരാർ നേരിടുമ്പോൾ ഫ്രന്റ് ഓഫീസിൽ മാനവൽ രസീത് ഉപയോഗപ്പെടുത്തുകയും ഡേ ബുക്കിൽ ഇന്ററപ്റ്റഡ് രസീതിയുടെ സീരീസ് നമ്പർ '9' ൽ തുടങ്ങുന്നത് വരികയുമാണ് വേണ്ടത്. എന്നാൽ അത്തരത്തിലുള്ള നമ്പർ അല്ലാതെ 120030100101-എന്ന സീരീസിലാണ് ഹെഡ് കോഡ് വന്നിരിക്കുന്നത്.ഇത്തരത്തിൽ പ്രിന്റ് വരാത്ത 120030100101 സാംഖ്യ നമ്പർ ഡേബുക്കിൽ ഉൾപ്പെടുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല പ്രിന്റർ ഫാൾട്ട് ആയ സി-4067486 എന്ന സ്റ്റേഷനറി നമ്പർ ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെടുന്നുമില്ല.

II ) ഡേ ബുക്ക് പ്രകാരം ഫ്രന്റ് ഓഫീസ് കളക്ഷൻ ആയ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ് കാണുന്നു.

| ഡേ ബുക്ക് പ്രകാരം കളക്ഷൻ വന്ന തുക / തീയതി | പാസ്ബുക്ക് പ്രകാരം അടവാക്കിയ തുക / തീയതി | അടവാക്കിയതിൽ കുറവ് |
|---|---|---|
| 133400/- 14.7.20 | 133325/- 21.7.20 | 75 |
| 15800/- 19.10.20 | 15785/- 23.10.20 | 15 |

കുറവ് വന്ന അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 മാനവൽ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

കേരള ട്രഷറി കോഡ് വോള്യം -1 ആർട്ടിക്കിൾ 90B യിലെ കുറിപ്പ് 2 പ്രകാരം രശീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തിയ്യതി,ഉപയോഗം പൂർത്തീകരിച്ച തിയ്യതി എന്നിവ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാനവൽ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലില്ലാതെയാണ് സൂക്ഷിക്കുന്നത്.

## 1-11 വരവ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

2020-21 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചത് താഴെ പറയും പ്രകാരം വിവിധ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ വരവ് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വരവിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-43 പ്രകാരം) |
|---|---|---|
| 1. | വാടക (ബിൽഡിങ് ) | 7,150 (കറന്റ്) + 2,343 (അരിയർ)+ 10,000(ഡെപ്പോസിറ്റ്) |
| 2. | വാടക (ഓാഡിറ്റോറിയം & ഹാൾ ) | 61,500 + 38005 (ഡെപ്പോസിറ്റ്) |
| 3. | മറ്റ് വസ്തുക്കളുടെ വിൽപ്പന | 1,62,785 |
| 4. | പാഴ്വസ്തുക്കളുടെ വിൽപ്പന | 3800 |

ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 4/ 30-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ 2020-21 ൽ യാതൊരു രേഖപ്പെടുത്തലുകളില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രെജിസ്റ്ററോടൊപ്പം അപേക്ഷ ഫയലുകളും വാടക ബൈലോയും ലഭ്യമാക്കിയിട്ടില്ല. വാടക വരവിന്റെ സാമ്പത്തിക വർഷാവസാനത്തിലെ സംക്ഷിപ്തമോ മേലധികാരിയുടെ സാക്ഷിപ്പെടുത്തലുകളോ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ വരവുകളുടെയും രജിസ്റ്ററുകളും ഫയലുകളും കൃത്യമാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-12 കുട്ടികൾക്ക് ചാലകശേഷി നിർണയ പദ്ധതിയും ഗെയിംസ് പരിശീലനവും-രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 12000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ-ശിശു വികസന പദ്ധതി ഓഫീസർ
പ്രോജക്ട് -കുട്ടികൾക്ക് ചാലകശേഷി നിർണയ പദ്ധതിയും ഗെയിംസ് പരിശീലനവും
പ്രോജക്ട് നം.-So69/20-21

വൗച്ചർ നം.22000445/28.4.20 തുക:12000
കുട്ടികൾക്ക് കായിക പരിശീലനത്തിനായി ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട പ്രിൻസിപ്പലിന് മേൽ ബിൽ പ്രകാരം 12000/-രൂപ നൽകിയിട്ടുണ്ട്. ഏതൊക്കെ ദിവസങ്ങളിലാണ് പരിശീലനം നടത്തിയതെന്നും ,പരിശീലകരെ സംബന്ധിച്ച വിവരങ്ങൾ, ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ അറ്റൻഡൻസ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (നം.21/3.6.22) രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 12000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-13 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

എ)ബ്ലോക്ക് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ ,പ്രിന്റർ ,യു.പി.എസ് എന്നിവ വാങ്ങൽ

പ്രോജക്റ്റ് നം. 118/21

മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം ITP/03419/21-22dt.16.08.21 (തുക-20018)പ്രകാരം ഒരു പ്രിന്ററും, ഇൻവോയ്സ് നം ITP/03420/21-22dt.16.08.21 (80072) വൗച്ചർ നം.22000653/10.03.21പ്രകാരം 4പ്രിന്ററും വാങ്ങിയിട്ടുണ്ട്.

ബി)വി.ഇ.ഒ.മാർക്ക് ലാപ് ടോപ്പ് വാങ്ങൽ -

പ്രോജക്റ്റ് നം. 108/21

വകയിരുത്തിയ തുക 221776

ചെലവ് 219912(ചെക്ക് നം.6128210/07.10.20)

മേൽ പ്രോജക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം ITP/12222/20-21dt.23.03.21 (തുക-219912)പ്രകാരം 8 ലാപ്ടോപ്പ് വാങ്ങി വി.ഇ.ഒ മാർക്ക് വിതരണം നടത്തിയിട്ടുണ്ട്.മേൽ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നിശ്ചിത ഫോമിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.എന്നാൽ അത്തരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.സർക്കുലർ 86/2010/Fin/Dt.24.09.10 പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-14 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ടെങ്കിലും ടി തുകകൾ പൂർണ്ണമായി വിനിയോഗിച്ചതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ബിൽ നം./ തിയതി. | നൽകിയ തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 01/21ഐ.കെ.എം.വിഹിതം | Bill No. 7/18-08.20. 22000482/14.8.20 | 31815 | വിനിയോഗവിവരം ലഭ്യമല്ല. . |
| 2 | 93/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 22000680/26.03.21 | 156250 | കാറളം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |
| | | 22000645/24.02.21 | 200000 | പറപ്പൂക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് |
| | | 22000665/26.03.21 | 91350 | മുരിയാട് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് |
| 3 | 19/21 ആശ്രയ പദ്ധതി - അഗതി രഹിത കേരളം | 22000553/04.01.21 | 200000/ | കാറളം ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 38/21ലൈഫ് പദ്ധതി എസ്.സി- | 22000580/22.01.21-320000 22000633/19.02.21- | 1689000 | കാറളം ഗ്രാമപഞ്ചായത്തിന് |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 580000<br>22000654/01.03.21-789000/- | | നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| | | 22000646/24.02.21 | 225000/- | കാട്ടൂർ ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| | | 22000638/23.02.21-100000<br>22000637/23.02.21-160000<br>22000627/23.02.21-160000<br>22000484/20.08.20-25000<br>22000634/18.02.21-200000<br>22000632/19.02.21-120000<br>22000651/01.03.21-360000<br>22000652/01.03.21-160000 | 1285000/- | മുരിയാട് ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 5 | 03/21<br>ലൈഫ് പദ്ധതി -<br>ജനറൽ | 22000575/20.01.20- | 240000/- | കാറളം ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| | | 22000551/2912.20 | 531900 | കാട്ടൂർ ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |

| | | | | |
|---|---|---|---|---|
| | | | 538367 | മുരിയാട് ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |

മേൽ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻകയറി 26/3.6.22 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാനുവൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. വൗച്ചറുകൾ ക്രമമായിട്ടല്ല സൂക്ഷിച്ചിരിക്കുന്നത്. എല്ലാ വൗച്ചറുകൾക്കും സബ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-16 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

1. ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് ലഭ്യമായിട്ടില്ല. ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000104 | 19.8.20 | ദേശാഭിമാനി | 10500 |
| 2 | 22000139 | 29.9.20 | “ | 8400 |
| 3 | 22000072 | 9.6.20 | “ | 8400 |
| 4 | 22000090 | 14.7.20 | “ | 8400 |

| | | | | |
|---|---|---|---|---|
| 5 | 22000253 | 27.10.20 | “ | 8400 |
| 6 | 22000313 | 22.12.20 | “ | 8400 |
| 7 | 22000321 | 28.12.20 | “ | 6300 |
| 8 | 22000408 | 17.2.21 | “ | 8400 |
| ആകെ | | | | 67200 |

## 1-17 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 36/21 |
| | പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | - 870000/ - |
| ചെലവ് | - 825234/ (വികസന ഫണ്ട്) |

2)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 35/21 |
| | സി.എച്ച്.സി. യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | - 400000/ - |
| ചെലവ് | - 400000/ -(വികസന ഫണ്ട്) |

മേൽ പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയതിൽ നാളിതു വരെ മരുന്ന് ലഭിക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | ട്രഷറി ബിൽ നം/ തീയതി | പ്രൊഫോർമ ഇൻവോയ്സ്/ തുക | കൈമാറിയ തുക | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|---|
| 36/21 | 32/ 24.02.2021 | PRF-5585/ 20.02.21 | 20972 | 1359 |
| | 33/ 24.02.2021 | PRF-5584/20.02.21 | 101903 | 1342 |
| | 47/ 30.03.2021 | PRF-5617 /22.2.21 | 137951 | 42135 |
| | 50/ 30.03.2021 | PRF-6651/26.03.21 | 28172 | 12899 |
| | 52/ 30.03.2021 | PRF-6544/23.03.21 | 27876 | 12545 |
| 35/21 | 35/ 30.3.21 | PRF-5971/05.03.21 | 24215 | 12526 |
| | 24/ 12.01.21 | PRF-4214/06.01.21 | 174904 | 36026 |
| ആകെ | | | | 118832 |

ബാക്കി ടി മരുന്നുകൾ ലഭ്യമാക്കുന്നതിനു കത്തയച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. അടിയന്തിര സ്വഭാവമുള്ളതാകയാൽ ബാക്കി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകvയറി നമ്പർ 28/ 03.06.2022)

## 1-18 കാട്ടൂർ സി.എച്ച്.സി. യിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങള് വാങ്ങൽ- കെൽട്രോണിന് തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | -54/21 |

| | |
|---|---|
| | -കാട്ടൂർ സി.എച്ച്.സി. യിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങലും ഇമേജ് മാലിന്യ സാമഗ്രികൾ വാങ്ങലും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ചെലവ് | - 149401/- (വികസന ഫണ്ട്- പൊതുവിഭാഗം- സാധാരണ വിഹിതം) |
| വൗച്ചർ നമ്പർ / ബിൽ നമ്പർ/ തുക | 43/ 30.03.2021 – 60516/-<br>44/ 30.03.2021 - 40376/-<br>46/ 30.03.2021 - 48509/- |

മേൽ പദ്ധതിക്കു വേണ്ടി 149401/- രൂപ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് കൈമാറിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക ലഭ്യമായതിന്റെയും ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. / തീയതി | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | ഉപകരണത്തിന്റെ വിവരം | കൈമാറിയ തുക | ടാക്സ് ഇൻവോയ്സ് പ്രകാരം തുക | അധികം നൽകിയത് | ഇൻവോയ്സ് നം. |
|---|---|---|---|---|---|---|---|
| 1 | 43/ 30.3.21 | 22687/ 02.03.21 തുക - 60516/- | ഡെസ്ക് ടോപ്പ് - 2 | 60516/- | 57669/- | 2847 | PYSI2105180/20.07.21 |
| 2 | 44/ 30.3.21 | 22690/ 02.03.21 തുക -40376/- | മൾട്ടി ഫങ്ഷൻ പ്രിന്റർ - 2 | 40376/- | 40036/ 11.8.21 | 340 | ITP/03238/21-22/12.08.21 |
| 3 | 46/ 30.3.21 | 22701/ 02.03.21 തുക -48509/- | ലാപ്ടോപ്പ് - 1 | 48509/- | 46297.5 3/- | 2211.47 | PYSI21006048/19.05.21 |

മേൽ ഉപകരണങ്ങൾക്ക് ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ അധികരിച്ച് നല്കിയിട്ടുണ്ട് കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ലഭ്യമായിട്ടില്ല. സപ്ലയർ നൽകിയ ബിൽ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.കെൽട്രോണിൽ നിന്ന് ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കി അധികം തുക

നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.ഓഡിറ്റ് എൻകചയറി നൽകിയതിന് വ്യത്യാസമുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻകചയറി നമ്പർ 28/ 03.06.2022)

## 1-19 ആനന്ദപുരം സി.എച്ച്.സി. യിലേക്ക് ഇലട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിന് തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | -55/21 |
| | -ആനന്ദപുരം സി.എച്ച്.സി. യിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങലും ഇമേജ് മാലിന്യ സാമഗ്രികൾ വാങ്ങലും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ചെലവ് | - 228168/- (വികസന ഫണ്ട്- പൊതുവിഭാഗം- സാധാരണ വിഹിതം) |
| വൗച്ചർ നമ്പർ / ബിൽ നമ്പർ/ തുക | 41/ 30.03.2021 – 97018/-<br>42/ 30.03.2021 - 90774/-<br>45/ 30.03.2021 - 40376/- |

മേൽ പദ്ധതിക്കു വേണ്ടി 228168/- രൂപ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് കൈമാറിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക ലഭ്യമായതിന്റെയും ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. / തീയതി | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | ഉപകരണത്തിന്റെ വിവരം | കൈമാറിയ തുക | ഇൻവോയ്സ് നം.തി തുക | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 41/ 30.3.21 | 21575/ 02.03.21 തുക - 97018/- | ലാപ്ടോപ്പ്- 2 | 97018/- | PYSI21006047/19.05.21തുക-92595.06/ | 4423 |
| 2 | 42/ 30.3.21 | 22688/ 02.03.21 തുക -90774/- | ഡെസ്ക് ടോപ്പ് - 3 | 90774/- | PYSI21036342/19.10.21 തുക 86549.46/- | 4225 |
| 3 | 46/ 30.3.21 | 22691/ 02.03.21 തുക -40376/- | മൾട്ടി ഫങ്ഷൻ പ്രിന്റർ - 2 | 40376/- | ITP/03239/21-22/12.8.21തുക-40036/- | 340 |

മേൽ ഉപകരണങ്ങൾക്ക് ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ അധികരിച്ച് നല്കിയിട്ടുണ്ട്.എന്നാൽ കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ലഭ്യമായിട്ടില്ല.സപ്ലയർ നൽകിയ ബിൽ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. ഓഡിറ്റ് എൻകയറി (28/ 03.06.2022)നൽകിയതിന് വ്യത്യാസമുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്ന് ടാക്സ് ഇൻവോയ്സ് ലഭ്യമാക്കി അധികം നല്കിയ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## <u>1-20 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ (ഇ.എഫ്.സി) -കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.</u>

വകയിരുത്തിയ തുക -50000/-തനത് ഫണ്ട്.

ചെലവ് –

ചെക്ക് നം.6128269/15.03.21-13063/

ചെക്ക് നം.6128223/30.10.20-30527

ആകെ -43590/-

പ്രോജക്റ്റ് നം. 101/21

നിർവ്വഹണോദ്യോഗസ്ഥൻ -ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

സംരംഭകർക്ക് സംരംഭ വികസനവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് സെന്റർ സജ്ജീകരിക്കുന്നതിന് കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 43590/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം.13748/TVM/ITGB/PI/RC/13748/19-20 Dt. 13.01.20 പ്രകാരം 30527/- രൂപയും,പ്രിന്റർ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം.23976/TVM/ITGB/PI/RC/23976/20-21 Dt. 09.03.21 പ്രകാരം 13063 രൂപയും

കെൽട്രോണിന് കൈമാറിയിട്ടുണ്ട്. പ്രിന്റർ ലഭിച്ചിട്ടുള്ളത് 03180/28.08.21ഇൻവോയ്സ് പ്രകാരമാണ്. ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഒറിജിനൽ ഇൻവോയ്സ് ലഭിച്ചിട്ടില്ല.മേൽ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി 16/2.6.22 പ്രകരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ഒറിജീനൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതും,ആയത് സ്റ്റോക്കിലെടുത്ത് പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച
43590/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 വിശപ്പ് രഹിത കേരളം -തിരിച്ചടവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

വകയിരുത്തിയ തുക -50000/-തനത് ഫണ്ട്.

പ്രോജക്റ്റ് നം. 39/21

നിർവ്വഹണോദ്യോഗസ്ഥൻ -ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പഞ്ചയത്ത് തെരഞ്ഞെടുത്ത് നൽകുന്ന യൂണിറ്റിനു കാന്റീൻ നടത്തുന്നതിന് റിവോൾവിങ്ങ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുരിയാട്, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകൾക്ക് 20000/- രൂപ വീതം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 06.10.20 ലെ 2(3) ഭരണസമിതി തീരുമാന പ്രകാരം മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന ഫണ്ട് മൂന്ന് മാസത്തിനു ശേഷം തിരിച്ചടക്കേണ്ടതുള്ളതിനാൽപദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. മേൽ നടപടി സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-22 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സംരംഭങ്ങൾക്ക് സബ്സിഡി -തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്.

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി പദ്ധതി പ്രകാരം താഴെ പറയുന്ന പ്രോജക്റ്റുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

എ) പ്രോജക്റ്റ് നം. 102/21 -

വകയിരുത്തിയ തുക-500000/-തനത് ഫണ്ട്

ചെലവ് - 200000/-

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് / നം . | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | വൗച്ചർ നം./ ബിൽ നം. തി. | നൽകിയ സബ്സിഡി |
|---|---|---|---|---|
| 1 | വനിത ഗ്രൂപ്പുകൾക്ക് ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ബാക്ക് എന്റ് സബ്സിഡി 102/21 | ഷി കാൻ വനിതഗ്രൂപ്പ് ,കിഴുത്താണി ,താണിശ്ശേരി ,വാർഡ് -7 | 6128213/12.10.20 | 200000/- |
| 2 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം-ജനറൽ -31/21 | അരുണ ടൈലറിങ്ങ് ഠാണാ,ഇരിഞ്ഞാലക്കുട | 03/05.03.21 220000650/1.321 | 300000/- |
| 3 | എസ്.സി വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ധനസഹായം-34/21 | അഗ്നി സംരംഭ യൂണിറ്റ് -അവർ കാറ്ററേഴ്സ് | 02/25.02.21 22000643/12.4.21 | 300000/- |

മേൽ പ്രകാരമുള്ള സ്ഥാപനങ്ങളുടെ സബ്സിഡി തുക ബാങ്കിൽ സ്ഥിര നിക്ഷേപ റസീറ്റായി സൂക്ഷിക്കുന്നതും,മൂന്ന് വർഷത്തിന് ശേഷം ടി സ്ഥാപനം പ്രവർത്തനക്ഷമമാണെങ്കിൽ

ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള അനുമതി ലഭിക്കുന്ന മുറക്ക് ബാങ്ക് വായ്പതുകയിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്. എന്നാൽ മേൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഒരു

സംവിധാനവുമില്ല എന്ന് കാണുന്നു.അവർ കാറ്റേഴ്സ് എന്ന സ്ഥാപനത്തിന് 2021 ഫെബ്രുവരിയിൽ തുക കൈമാറിയെങ്കിലും 2021 സെപ്റ്റംബറിലാണ് യൂണിറ്റ് പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. വായ്പ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചതിനു ശേഷമാണ് സബ്സിഡി തുക കൈമാറേണ്ടത്. എന്നാൽ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപേ തന്നെ സബ്സിഡി തുക കൈമാറിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും,സബ്സിഡി തുക വായ്പ തുകയിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.മാത്രമല്ല സബ്സിഡി തുക കഴിച്ചുള്ള വായ്പതുകക്ക് മാത്രമേ പലിശ ഈടാക്കുന്നുള്ളു എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 കെ എൽ ഡി സി കനാലിന്റെ ഉൾബണ്ടിൽ തെങ്ങിൻ തൈകൾ നടീൽ പ്രൊജക്റ്റ് - തുടർ പരിപാലനം ഉറപ്പുവരുത്തേണ്ടതാണ്.

പ്രൊജക്റ്റ് നം.94/21 SO
കെ എൽ ഡി സി കനാലിന്റെ ഉൾബണ്ടിൽ തെങ്ങിൻ തൈകൾ നടീൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി. അസി.ഡയറക്ടർ
വികസന ഫണ്ട് അടങ്കൽ തുക : 300000
ചെലവ് : 296800
22000742/ 4.9.20/ 296800

80% പദ്ധതി വിഹിതവും 20% ഗുണഭോക്തൃ വിഹിതവും ഉൾപ്പെട്ടതാണ് പ്രൊജക്റ്റ്. ഹൈബ്രിഡ് തെങ്ങിൻ തൈകൾക്ക് 50 രൂപയും കുള്ളൻ തൈകൾക്ക് 26 രൂപയുമാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയത്. 1.സർക്കാർ തെങ്ങിൻ തൈ വളർത്തൽ കേന്ദ്രം ഇരിങ്ങാലക്കുടയിൽ നിന്നും ഇൻവോയ്സ് നം. 67/ 19 -20 പ്രകാരം 26.3.2020 ന് 1700 തെങ്ങിൻ തൈകൾ ഇറക്കിയതായ രേഖയുണ്ട്.80% പ്ലാൻ ഫണ്ട് 296800 രൂപ 4.9.20 ന് സ്ഥാപനത്തിന് കൈമാറി. ബാക്കി 74200 രൂപ ഗുണഭോക്തൃ വിഹിതമാണ്. ഗുണഭോക്തൃ വിഹിതമായി സർക്കാർ തെങ്ങിൻ തൈ വളർത്തൽ കേന്ദ്രം ഇരിങ്ങാലക്കുടയ്ക്കു നൽകേണ്ട ആകെ തുകയായ 74200 രൂപയിൽ 30600 രൂപ തെറ്റായി ട്രഷറി ചലാൻ മുഖേന സർക്കാരി ലേക്ക് അടച്ചതിനാൽ അത്രയും തുക ബ്ലോക്ക് ജനറൽ പർപ്പസ് അക്കൗണ്ടിൽ നിന്നും നൽകി. സ.ഉ (സാധാ) നം.2361 2021 തസ്വഭവ 23. 11. 2021 പ്രകാരം 30600 രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായെങ്കിലും നാളിതുവരെ പ്രസ്തുത തുക ലഭിച്ചിട്ടില്ലെന്ന് ബ്ലോക്ക് ഓഫീസ് സെക്ഷൻ അറിയിച്ചു

ഉത്തരവു പ്രകാരമുള്ള തുക തിരികെ ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.[ ഓഡിറ്റ് എൻക്വയറി നം.3 30.5.22 ന് മറുപടി ലഭ്യമാക്കി]

4. 2020 ജൂൺ 5 ന് ഉദ്ഘാടനം നിർവ്വഹിച്ച പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 11.4 പ്രകാരമുള്ള പ്രൊജക്ട് പൂർത്തീകരണപത്രം ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഫയലിനോടൊപ്പമില്ല. 2.6.22 ന് കാറളം പുല്ലത്തറ ബണ്ട് പരിസരത്ത് തെങ്ങിൻ തൈകൾ നട്ട സ്ഥലം ഓഡിറ്റ് ടീം സന്ദർശിച്ചു. തൈകൾ വളർന്നു വരുന്നുണ്ടെങ്കിലും തുടർ പരിപാലനം കാര്യക്ഷമമായി നടത്തിയാൽ മാത്രമേ പദ്ധതി ലക്ഷ്യം കൈവരിച്ചതായി പറയാനാകൂ എന്ന് ബോധ്യപ്പെട്ടു. കന്നുകാലികൾ അലഞ്ഞുതിരിയുന്ന സ്ഥലമായി കാണപ്പെട്ടതിനാൽ തൈകൾ നശിച്ചു പോകാനും വളർച്ച മുരടിക്കാനും സാധ്യതയുണ്ട്. പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രകാരം തൊഴിലുറപ്പു പദ്ധതിയിലൂടെ പ്രസ്തുത തൈകളുടെ പരിചരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 കുടിവെള്ളപദ്ധതികൾ-മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്;രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 511509 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
ഓഡിറ്റ് കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ നിർദേശിച്ചിട്ടുണ്ട്.

1.ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ദരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജല സ്രോതസ്സ് തീരുമാനിച്ച ശേഷം മാത്രമെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവൂ.

2.എല്ലാ കുടിവെള്ള പ്രൊജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണം, അതോടൊപ്പം പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്യസമിതിയുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ തിയ്യതി 14.02.2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്യതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്ടുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചതാണ്. കൂടാതെ കുടിവെള്ള കിണർ, ടാങ്ക് എന്നിവ സ്ഥാപിക്കുന്ന സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകിട്ടിയതായിരിക്കുകയും വേണം.

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി കർഷക കൂട്ടായ്മ, ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതിയിൽ മേൽ പരാമർശിച്ച നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നതായി കാണുന്നില്ല.

| പ്രവൃത്തി | 20-21<br>ലെ ചെലവ് | കുറിപ്പ് |
|---|---|---|
| പുല്ലൂർ അമ്പല നട കോളനി കുടിവെള്ള പദ്ധതി<br>മുരിയാട് ഗ്രാപ വാർഡ് 15 (64/21)<br>Agmt No:7/2019-20/AEE/LSGD/IJK Dt.25.10.2019<br>MB.No:62/18-19<br>MB.No:65/18-19<br>MB.No:64/18-19 | SCPFund<br>22000538/24.8.20<br>Amt:2480<br>22000681/<br>23.10.20<br>Amt:396982<br>22000444/2.4.20<br>52372<br>22000523/24.8.20<br>59675<br>ആകെ-511509 | പദ്ധതിയുടെ ഗുണഭോക്തൃ സമിതിയുടെ യാതൊരു വിവരവും ഫയലിൽ ഇല്ല.<br>ഗുണഭോക്തൃ സമിതിയുമായി യാതൊരു കരാറും ചമച്ചതായും കാണുന്നില്ല.എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം അമ്പലനട കോളനിയിലെ നിലവിലുള്ള കിണറിനു സമീപംഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് ഏകദേശം 36 വീടുകളിലേക്ക് കുടിവെള്ളം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.<br>18.8.20 ൽ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കി. പ്രസ്തുത ലക്ഷ്യം കൈവരിച്ച് പദ്ധതി പ്രവർത്തന ക്ഷമമമാണോ എന്ന വിവരം ഇല്ല. പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ഗുണഭോക്തൃ സമിതിയെ ഏല്പിച്ചതിനും രേഖകൾ ഇല്ല. |

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി [നം.8/1.6.22] ക്ക് മറുപടി നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 511509 രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-25 ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതിക്ക് 4% പ്രതിഫലം നൽകിയതിലെ അപാകത - അധികം നൽകിയത് 3706 രൂപ തിരികെ ഈടാക്കേണ്ടതാണ്.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
പ്രൊജക്റ്റ് നം : 72/21
അടങ്കൽ തുക:900000
ചെലവ്:899506
വൗച്ചർ നം: 22000624/29.7.2020 Amt: 4650404/-
വൗച്ചർ നം: 22000674/25.8.2020 Amt: 34596
മുരിയാട് ഗ്രാമ പഞ്ചായത്തിലെ ഗ്രാമശ്രീ കോൾ പാടശേഖരസമിതിക്ക് വെർട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ്

2.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണ് . ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി

പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/Fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.
1.മേൽ പ്രവൃത്തിക്ക് ജില്ലാ പഞ്ചായത്തിന്റെ ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതി രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകി.പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് 90000 ലക്ഷം രൂപയും ഇലക്ട്രിഫിക്കേഷന് 150000 രൂപയുമാണ് ജി.എസ് ടിയും പ്രതിഫലവും അടക്കം എസ്റ്റിമേറ്റ് തുക .എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്ക്രൂട്ടിനിയ്ക്കും ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 772241 ന്റെ 4% ആയ 30890 നൽകുന്നതിനു പകരം എസ്റ്റിമേറ്റ് + 12%ജി.എസ്.ടി തുകയായ 864910 ന്റെ 4% ആയ 34596 രൂപയാണ് നൽകിയിരിയ്ക്കുന്നത്.
ആകെ അധികം നൽകിയ തുക[ 34596-30890=3706 രൂപ ] 3706 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
2.പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഫയൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി[ നം. 9/ 22.6.22] ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-26 പ്രൊജക്റ്റ് നം :10/21 കാട്ടൂർ സിഎച്ച്സിയിൽ ഓഫീസ് വരാന്ത, കോറിഡോർ, വനിതാ വാർഡ് എന്നിവിടങ്ങളിൽ ടൈൽ വിരിക്കൽ-ചെലവു തുക 262429 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം :10/21
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
കാട്ടൂർ സി എച്ച്സിയിൽ ഓഫീസ് വരാന്ത, കോറിഡോർ, വനിതാ വാർഡ് എന്നിവിടങ്ങളിൽ ടൈൽ വിരിക്കൽ
അടങ്കൽ തുക : 350000
ചെലവ് : 262429
വൗച്ചർ നം: 22000485/24.8.2020 Amt: 250000/- [റോഡിതരം]
ചെക്ക് നം : 6128209 തീയതി : 7.10.20 Amt: 12429/- [തനത് ഫണ്ട്]
1.സിംഗിൾ ടെണ്ടർ ലഭിച്ചതിനെ തുടർന്ന് റീടെണ്ടർ ചെയ്ത മേൽ പ്രവൃത്തിയിൽ 7 പേർ പങ്കെടുത്തു ഏറ്റവും കുറവ് ക്വാട്ട് ചെയ്തത് 31.15% ബിലോ ക്വാട്ട് ചെയ്ത കോൺട്രാക്ടർ ജോൺ ജെ. ആലപ്പാട്ട് ആണ് 6.7.2020 നു നടന്ന ടെണ്ടറിൽ 7 പേർ പങ്കെടുത്തു. ടെണ്ടറുകൾ തുറന്നതിനു ശേഷം തന്റെ

കണക്കുകൂട്ടലുകൾ തെറ്റിയതായും ടെണ്ടറിൽ നിന്നും പിന്മാറുകയാണ് എന്നറിയിച്ചു കൊണ്ട് ടിയാൾ എ.ഇ.ക്ക് കത്തു നൽകി. തുടർന്ന് അടുത്ത കുറവ് കോട്ട് ചെയ്ത 25% കുറവ് ന് ടെണ്ടർ ഉറപ്പിക്കുകയാണ് ഉണ്ടായത്. ഒരിക്കൽ സമർപ്പിച്ച ടെൻഡർ പിൻവലിക്കാനോ ഡിപ്പാർട്ടുമെന്റിന് സ്വീകാര്യമല്ലാത്ത മാറ്റം വരുത്താനോ കരാറുകാരന് പറ്റില്ല. ഇത്തരത്തിൽ എന്തെങ്കിലും ചെയ്താൽ EMD പിടിച്ചു വെയ്ക്കാവുന്നതാണ്. [കേരള പൊതുമരാമത്ത് മാനുവൽ 2011] എന്നാൽ ജോൺ ജെ. ആലപ്പാട്ട് സമർപ്പിച്ച EMD 9000 രൂപ തിരികെ നൽകിയതായി കാണുന്നു. ഇത് ടെണ്ടറിനൊപ്പം സമർപ്പിക്കപ്പെടുന്ന പ്രിലിമിനറി എഗ്രിമെന്റ് നിബന്ധന 3 ന്റെ അന്ത:സത്തക്ക് വിരുദ്ധമാണ്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്ന തുക ക്രമവിരുദ്ധമായി കോൺട്രാക്ടർക്ക് കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

2.ഫൈനൽ ബില്ലിൽ നിന്നും ജി എസ് ടി ടി ഡി എസ് ഈടാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകയറി[ നം. 9/ 22.6.22] ക്ക് മറുപടി ലഭ്യമാമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവു തുക 262429 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 ഇരിങ്ങാലക്കുട ബ്ലോക്ക് ഓഫീസിൽ വാട്ടർ ബാങ്ക് സ്ഥാപിക്കൽ - അപാകതകൾ ; ചെലവു തുക 495000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
വികസന ഫണ്ട് പെർഫോമൻസ് ഗ്രാന്റ് അടങ്കൽ തുക :500000
ചെലവ് : 495000
വൗച്ചർ നം: 22000700/27.10.2020 Amt: 495000

അക്രഡിറ്റഡ് ഏജൻസിയായ അരിമ്പൂർ കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയത്. 3.9.2020 ലെ നം. TCR/S 13[Ii]/81 നമ്പരായി KAICO , ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർക്ക് നൽകിയ പ്രൊപ്പോസലിൽ വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റംസിലും ഇൻഡസ്ട്രിയൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്സിലും സ്ഥാപനം സൊലൂഷൻ പ്രൊവൈഡർ ആണെന്ന് അവകാശപ്പെടുന്നു. നാല് ഫിൽട്രേഷൻ ഘട്ടങ്ങൾ ഉൾക്കൊള്ളിച്ച 500 LP H Water ATM ഒരെണ്ണം സ്ഥാപിക്കുന്നതിന് 12% ജി എസ് ടി അടക്കം 495000 രൂപയാണ് ആവശ്യപ്പെട്ടത്. 9.9.2020 ലെ 2 ൽ 2 നമ്പർ തീരുമാനപ്രകാരം 500 LPH വാട്ടർ ATM സ്ഥാപിക്കുന്നതിനു കെയ്കോയുടെ 495000 രൂപയുടെ എസ്റ്റിമേറ്റ് ബ്ലോക്ക് ജനറൽ കമ്മിറ്റി അംഗീകരിച്ചു. [ATM സ്ഥാപിക്കുന്നതിനുള്ള ബേസ്മെന്റ് ഒഴികെ]
Agmt No: 9/ AE/ LSGD / IJK 2020-21 Dt. 7.9.20

1. എഗ്രിമെന്റ ഉടമ്പടിയിൽ എഴുതി ചേർത്തിരിക്കുന്നത് 22.9.2020 എന്നാണ്. ഒരേ കരാറിൽ രണ്ടു തിയതി വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. അഗ്രോ സർവ്വീസ് സെന്ററുകൾക്കാവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങാവുന്ന ഏജൻസിയാണ് കെയ്കോ.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാട്ടർ ATM നേരിട്ടു വാങ്ങാവുന്ന ഏജൻസിയായി കെയ്കോയെ നിശ്ചയിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.
3. 2.6.22 ന് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥാപിച്ച വാട്ടർ ATM നേരിട്ട് പരിശോധിച്ചു. ഒരു രൂപ കോയിൻ കൗണ്ടർ പ്രവർത്തിക്കുന്നില്ല. 5 രൂപ കോയിൻ കൗണ്ടറിൽ നിന്നും ജലം ലഭ്യമായി. 20.10.20 20നാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് .20.10.21 ൽ വാറന്റി അവസാനിച്ചു. തുടർന്ന് AMC ചമച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.
4. പ്രസ്തുത വാട്ടർ ATM ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി [നം.19/2.6.22] ക്ക് മറുപടി നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 495000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ഫയലുകൾ ചെലവു രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെ ചെലവു തുക 146722 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
താഴെ പറയുന്ന ഫയലുകൾ ചെലവു രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

| ക്രമ .നം/പ്രൊജക്റ്റ് നം | ചെലവു തുക വൗച്ചർ നം തിയതി | റിമാർക്സ് |
|---|---|---|
| 1. 81/21SO<br>SNDP പരിയപ്പാടം റോഡ് പൂർത്തീകരണം | വികസന ഫണ്ട് ചെലവു | സംയുക്ത പ്രൊജക്ടിന് വിഭവം കൈമാറുന്നതിന് തയ്യാറാക്കിയ പ്രൊജക്റ്റ് ,തുക |

| | | |
|---|---|---|
| കാട്ടൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം കൈമാറൽ | തുക : 6800 രൂപ 22000490/ 3.9.20 | കൈമാറിയതിന്റെ UTR സ്റ്റേറ്റ്മെന്റ് / പഞ്ചായത്തിന്റെ ഔദ്യോഗി കരശീതി , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ചേർത്ത് ലഭ്യമാക്കേണ്ടതാണ്. |
| 2.കാട്ടൂർ -മധുരംപിള്ളി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം -കാട്ടൂർ ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം കൈമാറൽ | വികസന ഫണ്ട് ചെലവു തുക : 139922 രൂപ 22000625/ 3.9.20/6222 22000480/ 16.7.20/133700 | |
| ആകെ ചെലവു തുക | 146722 രൂപ | |

രേഖകൾ സഹിതം മേൽപ്പറഞ്ഞ ഫയലുകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 146722 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി[നം30/3.6.22]ക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതിക്ക് 4% പ്രതിഫലം നൽകിയതിലെ അപാകത - അധികം നൽകിയത് 3706 രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
പ്രൊജക്റ്റ് നം : 72/21
അടങ്കൽ തുക:900000
ചെലവ്:899506
വൗച്ചർ നം: 22000624/29.7.2020 Amt: 4650404/-
വൗച്ചർ നം: 22000674/25.8.2020 Amt: 34596/-
മുരിയാട് ഗ്രാമ പഞ്ചായത്തിലെ ഗ്രാമശ്രീ കോൾ പാടശേഖരസമിതിക്ക് വെർട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ്

2.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണ് . ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/Fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

1.മേൽ പ്രവൃത്തിക്ക് ജില്ലാ പഞ്ചായത്തിന്റെ ത്രിതല ഇലക്ട്രിഫിക്കേഷൻ സമിതി രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകി.പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് 900000 രൂപയും ഇലക്ട്രിഫിക്കേഷന് 150000 രൂപയുമാണ് ജി.എസ് ടിയും പ്രതിഫലവും അടക്കം എസ്റ്റിമേറ്റ് തുക .എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്ക്രൂട്ടിനിയ്ക്കും ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 772241 ന്റെ 4% ആയ 30890 നൽകുന്നതിനു പകരം എസ്റ്റിമേറ്റ് + 12%ജി.എസ്.ടി തുകയായ 864910 ന്റെ 4% ആയ 34596 രൂപയാണ് നൽകിയിരിയ്ക്കുന്നത്.

ആകെ അധികം നൽകിയ തുക[ 34596-30890=3706 രൂപ ] 3706 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഫയൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി[ നം. 9/ 22.6.22] ക്ക് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | | 2020-21 | 40000 | പി.എം.എ.വൈ (എസ്.സി.പി) | 70000 | 0 |
| | - | 2020-21 | 70000 | പി.എം.എ.വൈ (ജനറൽ) | 70000 | 0 |
| ജില്ലാ പഞ്ചായത്ത് | 1675365 | 2020-21 | | പി.എം.എ.വൈ (ജനറൽ) | 98000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 3.3 | 2018-19 | 3.3 | കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ : 29, 55,985 രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തന സജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല. | പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ അടക്കം എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതും പ്രവർത്തനക്ഷമവുമാണ്. കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളതും ആവശ്യാനുസരണം പമ്പിംഗ് ചെയ്യാവുന്നതുമാണ്. ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായി കൈമാറുന്നതിന് ഗുണഭോക്തൃ സമിതിയുമായി 25.2.2022 |

| | | | | | |
|---|---|---|---|---|---|
| | | | | | ന് കരാർ വെച്ച് കൈമാറിയിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45468460 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47762642 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3706/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1471250/- |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3706/- | ശ്രീ.വിജയൻ പി.എസ് , അസി. എഞ്ചിനീയർ |
| | 3706/- | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 12000/- | ഷംസാദ്.എം |

| | | |
|---|---|---|
| | | ശിശു വികസന പദ്ധതി ഓഫീസർ |
| 1-20 | 30527/-<br>13063/- | ശ്രീ.തേജോ കെ. കൈമൾ<br>വ്യവസായ വികസന ഓഫീസർ<br>ശ്രീമതി. നവ്യ രാമചന്ദ്രൻ<br>വ്യവസായ വികസന ഓഫീസർ |
| 1-24 | 511509/- | ശ്രീ. വിജയൻ പി.എസ്.<br>അസി.എഞ്ചിനീയർ |
| 1-26 | 262429/- | ശ്രീ. വിജയൻ പി.എസ്.<br>അസി.എഞ്ചിനീയർ |
| 1-27 | 495000/- | ശ്രീ. വിജയൻ പി.എസ്.<br>അസി.എഞ്ചിനീയർ |
| 1-28 | 146722/- | ശ്രീ. വിജയൻ പി.എസ്.<br>അസി.എഞ്ചിനീയർ |
| | 1471250/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ.വിജയൻ പി.എസ് , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ വിരമിച്ചു. | പുത്തൂർ വീട് ആളൂർ പി.ഒ |

(എഫ്)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷംസാദ്.എം ശിശു വികസന പദ്ധതി ഓഫീസർ | വിരമിച്ചു. | പാലക്കൽ വീട് കാട്ടൂർ പി.ഒ |
| ശ്രീ.വിജയൻ പി.എസ് , അസി. എഞ്ചിനീയർ | വിരമിച്ചു. | പുത്തൂർ വീട് ആളൂർ പി.ഒ |
| ശ്രീ.തേജോ കെ. കൈമൾ വ്യവസായ വികസന ഓഫീസർ | ലഭ്യമല്ല | പുത്തൻമഠത്തിൽ വീട് , കോതമംഗലം കോട്ടപ്പടി .പി.ഒ. |
| ശ്രീമതി. നവ്യ രാമചന്ദ്രൻ വ്യവസായ വികസന ഓഫീസർ | ലഭ്യമല്ല | വെസ്റ്റ് ബ്രീസ് അപ്പാർട്ട്മെന്റ്സ് എസ്.എൻ.പാർക്ക്. പൂത്തോൾ.പി.ഒ.തൃശൂർ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02 പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |
| 14-15 & 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 653/17 തി.26.05.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 1711/17 തി. 7.12.17 | |
| 17-18 | നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)13/2019 07.03.2019 | |

| | | |
|---|---|---|
| 2018-19 | നം. കെ.എസ്.എ.ടി.എസ്.ആർ(ബിപി2)958/19/ തീയതി: 05.08.19 | |
| 2019-20 | നം. കെ.എസ്.എ.ടി.എസ്.ആർ[പി1]995/22/തീയതി: / 03/07 /22 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്